"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - ഭിന്നശേഷിക്കുട്ടികൾക്കായി ഡിഫറന്റ് ആർട്ട്സ് സെന്റർ- ഐ.ഐ.പി.ഡി പദ്ധതി കാസർഗോഡ് ആരംഭിക്കുന്നതിനായി കാസർഗോഡ് നീലേശ്വരം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 540/1/2025നമ്പർ ആധാരത്തിന്മേലുള്ള അണ്ടർ വാല്യുവേഷൻ നടപടി ഒഴിവാക്കി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ജെ) വകുപ്പ്**

സ.ഉ.(കൈ) നം.79/2025/TAXES തീയതി,തിരുവനന്തപുരം, 29-08-2025

---

പരാമർശം:- 1) ഡിഫറന്റ് ആർട്ട്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച 04.06.2025 തീയതിയിലെ അപേക്ഷ

2) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 20.06.2025 തീയതിയിലെ IGR/2704/2025-FUV-1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഭിന്നശേഷി വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി പ്രവർത്തിക്കുന്ന ഡിഫറന്റ് ആർട്ട്സ് സെന്ററിന്റെ പ്രവർത്തനങ്ങൾ മലബാർ മേഖലയിൽ കൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ മടിക്കൈ വില്ലേജിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ നീലേശ്വരത്തിന് സമീപം 3 ഏക്കർ 14 സെന്റ് വസ്തു വാങ്ങിയതായും 540/1/2025 നമ്പർ ആധാര പ്രകാരം നീലേശ്വരം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത ടി വസ്തുവിന് അണ്ടർവാല്യുവേഷൻ ഇത്തിൽ നേരത്തേ അടച്ച തുകയ്ക്ക് പുറമേ കുറവ് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 4,47,600/- രൂപയും കുറവ് രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 1,11,900/- രൂപയും ചേർത്ത് 5,59,500/- രൂപ കൂടി അധികമായി അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് ലഭിച്ചതായും ഭിന്നശേഷിക്കാരുടെ ഉന്നമനത്തിന് വേണ്ടിയുള്ള പദ്ധതിയായതിനാൽ 540/1/2025 നമ്പർ ആധാരത്തിന്മേലുള്ള അണ്ടർ വാല്യുവേഷൻ നടപടികൾ ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ട് ഡിഫറന്റ് ആർട്ട്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) ഡിഫറന്റ് ആർട്ട്സ് സെന്ററിനു വേണ്ടി അതിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീ. ഗോപിനാഥ് മുതുകാടിന്റെ പേർക്ക് ഇതിനു മുൻപ് 1709/2024 നമ്പർ ആധാര പ്രകാരം വാങ്ങിയ 4

സെന്റ് വസ്തുവിനോട് ഒന്നായി ചേർന്ന് കിടക്കുന്ന സ്ഥലമാണ് 540/1/2025 നമ്പർ ആധാര പ്രകാരം വാങ്ങിയ 1 ഹെക്ടർ 26 ആർ 67 ച. മീറ്റർ സ്ഥലമെന്നും ടി 1709/2024 നമ്പർ ആധാരത്തിൽ ഒരാറിന് കാണിച്ച വിലയായ 1,23,456/- രൂപ തന്നെയാണ് 540/1/2025 നമ്പർ ആധാരത്തിലും കാണിക്കേണ്ടിയിരുന്നതെന്നും അപ്രകാരം വില കണക്കാക്കാത്തതിലൂടെ സർക്കാരിലേക്ക് ₹7,18,717 രൂപ (ഏഴ് ലക്ഷത്തി പതിനെട്ടായിരത്തി എഴുന്നൂറ്റി പതിനേഴ് രൂപ മാത്രം) റവന്യൂ നഷ്ടം സംഭവിച്ചിട്ടുള്ളതായും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭിന്നശേഷികുട്ടികൾക്കായി നടത്തുന്ന സാമൂഹ്യ പ്രവർത്തനമെന്ന പൊതു താല്പര്യം മുൻനിർത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച് ഡിഫറന്റ് ആർട്ട്സ് സെന്റർ-ഐ.ഐ.പി.ഡി പദ്ധതി കാസർഗോഡ് ആരംഭിക്കുന്നതിനായി കാസർഗോഡ് നീലേശ്വരം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 540/1/2025 നമ്പർ ആധാരത്തിന്മേലുള്ള അണ്ടർ വാല്യുവേഷൻ നടപടി ഒഴിവാക്കി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

ശ്രീ. ഗോപിനാഥ് മുതുകാട്, എക്സിക്യൂട്ടീവ് ഡയറക്ടർ, ഡിഫറന്റ് ആർട്ട്സ് സെന്റർ, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, സൈനിക് സ്കൂൾ പി.ഒ, കഴക്കൂട്ടം, തിരുവനന്തപുരം - 695 585.

ജില്ലാ രജിസ്ട്രാർ, കാസർഗോഡ്.

ധനകാര്യ വകുപ്പ് (07.08.2025 തീയതിയിലെ E 3206958/EXP-B1/368 /2025-FIN നമ്പർ അഭിപ്രായ പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (27.08.2025 തീയതിയിലെ മന്ത്രിസഭായോഗ തീരുമാന ഇനം 3204 പ്രകാരം)

അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sabu Thomas T
Date: 29-08-2025 17:14:26

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-08-2025

ഫയൽ നം. ജെ3/306/2025/നി.വ. ഇനം നം: 3204

വിഷയം : നികുതി വകുപ്പ് - രജിസ്ട്രേഷൻ - നീലേശ്വരം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 540/1/2025 നമ്പർ ആധാരത്തിന്മേലുള്ള അണ്ടർവാല്യുവേഷൻ നടപടി ഒഴിവാക്കി നൽകുന്നതിന് ഡിഫറന്റ് ആർട്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

3204

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നം. | ജെ3/306/2025/നി.വ |
| 2 | വകുപ്പ് | നികുതി (ജെ) വകുപ്പ് |
| 3 | വിഷയം | നികുതി വകുപ്പ് - രജിസ്ട്രേഷൻ - നീലേശ്വരം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 540/1/2025 നമ്പർ ആധാരത്തിന്മേലുള്ള അണ്ടർവാല്യുവേഷൻ നടപടി ഒഴിവാക്കി നൽകുന്നതിന് ഡിഫറന്റ് ആർട്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05.08.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. പ്രമോദ്.എം.വി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.കെ.ആർ.ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 18.08.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19.08.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20.08.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 21.08.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഭിന്നശേഷിക്കുട്ടികൾക്കായി ഡിഫറന്റ് ആർട്ട്സ് സെന്റർ -ഐ.ഐ.പി.ഡി പദ്ധതി കാസർഗോഡ് ആരംഭിക്കുന്നതിനായി കാസർഗോഡ് നീലേശ്വരം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 540/1/2025 നമ്പർ ആധാരത്തിന്മേലുള്ള അണ്ടർ വാല്യുവേഷൻ നടപടി ഒഴിവാക്കി നൽകുന്നതിന് ഡിഫറന്റ് ആർട്ട്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ഭിന്നശേഷി വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി പ്രവർത്തിക്കുന്ന ഡിഫറന്റ് ആർട്ട്സ് സെന്ററിന്റെ പ്രവർത്തനങ്ങൾ മലബാർ മേഖലയിൽ കൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ മടിക്കൈ വില്ലേജിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ നീലേശ്വരത്തിന് സമീപം 3 ഏക്കർ 14 സെന്റ് വസ്തു കൂടി വാങ്ങിയതായും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 6,76,080/- രൂപയും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 1,69,020/- രൂപയും ചേർത്ത് 8,45,100/- രൂപ അടച്ചാണ് 18.03.2025 തീയതിയിലെ 540/1/2025 നമ്പർ ആധാര പ്രകാരം ടി സ്ഥലം നീലേശ്വരം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും എന്നാൽ ടി വസ്തു വില കുറച്ചു കാണിച്ചാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും മേൽ അടച്ച തുകയ്ക്ക് പുറമേ കുറവ് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 4,47,600/- രൂപയും കുറവ് രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 1,11,900/- രൂപയും ചേർത്ത് 5,59,500/- രൂപ അധികമായി അടയ്ക്കണമെന്നും ആവശ്യപ്പെട്ട് നോട്ടീസ് ലഭിച്ചതായും ഭിന്നശേഷിക്കാരുടെ ഉന്നമനത്തിന് വേണ്ടിയുള്ള പദ്ധതിയായതിനാൽ 540/1/2025 നമ്പർ ആധാരത്തിന്മേലുള്ള അണ്ടർ വാല്യുവേഷൻ നടപടികൾ ഒഴിവാക്കി നൽകണമെന്ന് ഡിഫറന്റ് ആർട്ട്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3) നീലേശ്വരം സബ് രജിസ്ട്രാർ ഓഫീസിൽ 540/1/2025 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരപ്രകാരം, നീലേശ്വരം മടിക്കൈ വില്ലേജിൽ സർവ്വെ നമ്പർ 453/PT12 ൽപ്പെട്ട 1 ഹെക്ടർ 26 ആർ 67 ച.മീറ്റർ വസ്തുക്കളാണ് Different Art Centre നു വേണ്ടി അതിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീ. ഗോപിനാഥ് മുതുകാടിന്റെ പേർക്ക്

കൈമാറുന്നത്. ടി വസ്തുക്കൾ നീലേശ്വരം മടിക്കൈ PWD റോഡിൽ നിന്നും 50 മീറ്റർ മാറി പഞ്ചായത്ത് റോഡ് സൗകര്യമുള്ള വസ്തുക്കൾ ആണെന്നും, ടി കക്ഷികൾ ചേർന്ന് ഇതിനു മുൻപ് ഇതിനോട് ചേർന്ന് 1709/2024 നമ്പർ ആധാര പ്രകാരം വാങ്ങിയ 4 സെന്റ് വസ്തുവിന്റെ വടക്ക് വശം പഞ്ചായത്ത് ടാർ റോഡ് ആണെന്നും, 3 മീറ്റർ വീതിയിൽ നിലവിലുള്ള പഞ്ചായത്ത് ടാർ റോഡ് 12 മീറ്റർ ആക്കി വികസിപ്പിക്കുവാനാണ് മേൽ അക്കാദമി പ്രസ്തുത 4 സെന്റ് സ്ഥലം വാങ്ങിയതെന്നും മേൽ വസ്തുവിനോട് ഒന്നായി ചേർന്ന് കിടക്കുന്ന സ്ഥലമാണ് 540/1/2025 നമ്പർ ആധാര പ്രകാരം വാങ്ങിയ 1 ഹെക്ടർ 26 ആർ 67 ച. മീറ്റർ സ്ഥലമെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതായും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 540/1/2025 നമ്പർ ആധാരപ്രകാരമുള്ള വസ്തുവിൽ പഞ്ചായത്ത് നമ്പർ പതിച്ചിട്ടുള്ള പഴകിയ ഇരുനില വീട് സ്ഥിതി ചെയ്യുന്നുണ്ടെന്നും ആയത് പ്രസ്തുത ആധാരത്തിൽ പ്രതിപാദിച്ചിട്ടില്ല എന്നും മേൽ പ്രദേശത്ത് സെന്റിന് 3 ലക്ഷം വരെ കമ്പോള വില ഉള്ളതായും ടി 1709/2024 നമ്പർ ആധാരത്തിൽ ഒരാറിന് കാണിച്ച വിലയായ 1,23,456/- രൂപ തന്നെയാണ് 540/1/2025 നമ്പർ ആധാരത്തിലും കാണിക്കേണ്ടിയിരുന്നതെന്നും അപ്രകാരം വില കണക്കാക്കാത്തതിലൂടെ സർക്കാരിലേക്ക് ₹7,18,717 രൂപ (ഏഴ് ലക്ഷത്തി പതിനെട്ടായിരത്തി എഴുന്നൂറ്റി പതിനേഴ് രൂപ മാത്രം) റവന്യൂ നഷ്ടം സംഭവിച്ചിട്ടുള്ളതായും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"ഭിന്നശേഷികുട്ടികൾക്കായി നടത്തുന്ന സാമൂഹ്യ പ്രവർത്തനമെന്ന പൊതു താല്പര്യം മുൻനിർത്തി, പ്രത്യേക കേസായി പരിഗണിച്ച് അണ്ടർ വാല്യുവേഷൻ നടപടി ഒഴിവാക്കി നൽകാൻ അനുമതി നൽകുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 05.08.2025 തീയതിയിൽ ബഹു. മുഖ്യമന്ത്രി ഉത്തരവ് ഇട്ടിട്ടുണ്ട് എന്നും അറിയിക്കുന്നു."

5) ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിന്റെ ഫയലിൽ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ഭിന്നശേഷികുട്ടികൾക്കായി നടത്തുന്ന സാമൂഹ്യ പ്രവർത്തനമെന്ന പൊതു താല്പര്യം മുൻനിർത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച് ഡിഫറന്റ് ആർട്ട്സ് സെന്റർ -ഐ.ഐ.പി.ഡി പദ്ധതി കാസർഗോഡ് ആരംഭിക്കുന്നതിനായി കാസർഗോഡ് നീലേശ്വരം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 540/1/2025 നമ്പർ ആധാരത്തിന്മേലുള്ള അണ്ടർ വാല്യുവേഷൻ നടപടി ഒഴിവാക്കി നൽകാമോ ?